LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ഇവിടെ അങ്ങ് സംസാരിച്ചപ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ല എന്ന് ആവർത്തിച്ചു പറയുമ്പോൾ തന്നെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചാലുണ്ടാകുന്ന സാമ്പത്തിക നേട്ടത്തെക്കുറിച്ച് അങ്ങയുടെ മറുപടിയിൽ വളരെ വിശദമായി പരാമർശിച്ചിട്ടുണ്ട്. അതിൽ ഒരു ദുസൂചനയുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ചോദ്യം, യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ടായിരുന്നു, ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായി ഈ സഭയെ അഭിമുഖീകരിക്കുമ്പോൾ എത്ര സർക്കാർ ജീവനക്കാർ ഇപ്പോൾ സർവ്വീസിലുണ്ട് എന്ന് മറുപടി പറയാൻ കഴിയുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ പറയാം. പക്ഷേ അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് പതിനെട്ടായിരത്തിനും ഇരുപതിനായിരത്തിനും ഇടയിലുള്ള ഗവൺമെന്റ് ജീവനക്കാർ ഒരു വർഷം പെൻഷൻ പറ്റുന്നുണ്ട്.

വ്യാപാരികൾക്ക് ഐ.ഡി.കാർഡ്

3(*180) ശ്രീ. എം. മുരളി :
ശ്രീ. ബി വിജയകുമാർ:
ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ:
ശ്രീ. എം. എം. ഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കുവേണ്ടി ഐഡികാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കി;

(സി) എത്ര വ്യാപാരികൾക്ക് ഐ.ഡി.കാർഡ് നൽകി; എല്ലാ വ്യാപാരികൾക്കും ഈ കാർഡ് നൽകുന്ന നടപടി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കാർഡ് എന്തെല്ലാം കാര്യങ്ങൾക്ക് ഉപയുക്തമാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) ഉണ്ട്.

(ബി) വ്യാപാരികൾക്കുവേണ്ടിയുള്ള ഐ.ഡി കാർഡ് പദ്ധതി 11 ജില്ലകളിലെ സ്പെഷ്യൽ സർക്കിൾ ഓഫീസുകളിൽ നടപ്പിലാക്കി.

(സി) ഐ.ഡി. കാർഡ് ലഭിക്കുന്നതിനുവേണ്ടി 2525 വ്യാപാരികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവർക്കെല്ലാം ഐ.ഡി കാർഡ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അടുത്ത ഒരു വർഷം കൊണ്ടു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വ്യാപാരികളുടെ ഐഡന്റിറ്റി സംശയമറ്റതാക്കുന്നു. വാണിജ്യ നികുതി റിട്ടേൺ ഇന്റർനെറ്റ് വഴിയും ഹെൽപ്പ്ഡെസ്ക് വഴിയും ഫയൽ ചെയ്യുവാൻ സാധിക്കുന്നു. നികുതി സംബന്ധമായ അറിയിപ്പുകളും വിവരങ്ങളും വ്യാപാരികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉടനടി ലഭ്യമാക്കുന്നു. ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന ചരക്കു നീക്കത്തെക്കുറിച്ചുള്ള വിവരങ്ങൾ മൊബൈൽ ഇന്റർനെറ്റ് സംവിധാനത്തിലൂടെ വ്യാപാരികൾക്ക് ഉടനടി ലഭ്യമാക്കുന്നു. രജിസ്ട്രേഷൻ നമ്പരുകൾ ദുർവിനിയോഗം ചെയ്തുകൊണ്ട് നടത്തുന്ന ചരക്കുനീക്കം ഇല്ലാതാക്കുന്നു.

<u>ശ്രീ. എം. മുരളി:</u> സർ,വാറ്റ് നിയമം നടപ്പിലാക്കാൻ പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ രജിസ്ട്രേഷനുള്ള മുഴുവൻ വ്യാപാരികൾക്കും ഘട്ടം ഘട്ടമായി ഐ.ഡി. കാർഡ് നിർബന്ധമായി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> സർ,ഐ.ഡി കാർഡ് എടുത്താൽ അതുകൊണ്ട് കച്ചവടക്കാർക്കുള്ള സൗകര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടിയുള്ള എല്ലാ നടപടികളും പ്രചരണങ്ങളും സംഘടിപ്പിക്കും. ഇപ്പോൾത്തന്നെ എല്ലാ ജില്ലകളിലും ആദ്യം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലും അതിനുശേഷം മറ്റ് ജില്ലകളിലും 'വാറ്റ്' നെക്കുറിച്ചുള്ള സംശയം മാറ്റുന്നതിന് വേണ്ടി പ്രത്യേകമായ ചർച്ചകൾ ചെയ്യുന്നതിന് ഉന്നത ഉദ്യോഗസ്ഥൻമാരെ അയയ്ക്കുന്നുണ്ട്. ഇത് കച്ചവടക്കാർക്ക് വളരെ സൗകര്യമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഇത് പൂർണ്ണമായി മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അതിനുവേണ്ട നടപടികൾ നമ്മൾ സ്വീകരിക്കും. ഒരു വർഷത്തിനകം അവരെയെല്ലാം ഐ.ഡി. കാർഡ് എടുക്കുന്നതിന് പ്രേരിപ്പിക്കാൻ കഴിയുമെന്ന് തന്നെയാണ് ഗവൺമെന്റ് പൂർണ്ണമായും വിശ്വസിക്കുന്നത്.

<u>ശ്രീ. എം. മുരളി:</u> സർ, ഐ.ഡി. കാർഡ് സമ്പ്രദായം ഏർപ്പെടുത്തിയാൽ അത് രണ്ട് കൂട്ടർക്കും പ്രയോജനമാണ്. വ്യാപാരികളെ സംബന്ധിച്ചിടത്തോളം അവർക്ക് പ്രയോജനമാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നികുതി ചോർച്ച, എൻട്രി ടാക്സിന്റെ പോയിന്റിലാണെങ്കിലും ചെക്ക് പോസ്റ്റുകളിലൂടെ നമ്മുടെ കണ്ണ് വെട്ടിച്ച് കടന്നുവരുന്ന മേഖലകളിലാണെങ്കിലും കമ്പ്യൂട്ടറൈസ് ചെയ്തുകൊണ്ട് ഐ.ഡി. കാർഡ് സമ്പ്രദായം നടപ്പിലാക്കാൻ നമുക്ക് പൂർണ്ണമായും കഴിയുന്നുവെങ്കിൽ നല്ലതാണ്. അങ്ങ് ഇവിടെ പറഞ്ഞത്, 2525 വ്യാപാരികൾക്ക് കാർഡ് കൊടുക്കുന്നു എന്ന്. ആദ്യഘട്ടമായിട്ടാണ് ഈ നടപടി സ്വീകരിക്കുന്നതെന്ന് കരുതുകയാണ്. പക്ഷേ സംസ്ഥാനത്തെ മുഴുവൻ രജിസ്ട്രേഷനുള്ള വ്യാപാരികളെയും ഈ ഐ.ഡി. കാർഡ് സമ്പ്രദായത്തിൽ കൊണ്ടുവന്നാൽ അവർക്കും convenience ആകും, നമ്മുടെ നികുതി ചോർച്ചയും തടയാനുള്ള ഫലപ്രദമായ നടപടിയുമാകും. ഗവൺമെന്റ് എത്ര പണം മുടക്കേണ്ടി വന്നാലും ഒരു ഇൻവെസ്റ്റ്മെന്റായി കരുതിത്തന്നെ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, 2525 പേർ വോളന്റിയറായിട്ട് ഇതുവരെ ചേർന്നതാണ്. ഐ.ഡി. കാർഡ് കേരളത്തിൽ മാത്രമുള്ള ഒരു സ്കീമാണ്. 'വാറ്റ്' കൊണ്ടുവരുമ്പോൾ അതിൽ പ്രധാനമായ ഒരു കാര്യം, കച്ചവടക്കാർക്ക് ഉദ്യോഗസ്ഥൻമാരുടെ ശല്യമില്ലാതെ സ്വയം റിട്ടേൺ സമർപ്പിക്കാനും അവർക്ക് തന്നെ സ്വന്തമായി അസെസ്സ്മെന്റ് നടത്തി ടാക്സ് അടയ്ക്കാനുമുള്ള സംവിധാനമുണ്ടാകുമെന്നതാണ്. ഉദ്യോഗസ്ഥൻമാരുടെ ശല്യമില്ലാതെ നടപടികൾ സിംപ്ലിഫൈ ചെയ്ത് കച്ചവടക്കാർക്ക് കൂടുതൽ അധികാരങ്ങൾ നൽകുക എന്നുള്ളതാണ് 'വാറ്റ്' –ന്റെ ഒരു ഉദ്ദേശം. അത് നടപ്പിലാക്കുന്നതിന് വേണ്ടിയാണ് കേരളത്തിൽ ഐ.ഡി. കാർഡ് സിസ്റ്റമുണ്ടാക്കിയത്. ഐ.ഡി. കാർഡ് സിസ്റ്റമുണ്ടെങ്കിൽ കമ്പ്യൂട്ടർ വഴി അവർക്ക് റിട്ടേൺ നൽകാം. സത്യസന്ധമായി റിട്ടേൺ നൽകുകയും ടാക്സ് അടയ്ക്കുകയും ചെയ്യുന്നിടത്തോളം കാലം ഒരു സെയിൽസ് ടാക്സ് ഓഫീസർ പോലും അവരെ ശല്യപ്പെടുത്താൻ പോവുകയില്ല. അവർക്ക് ആരിൽ നിന്നും ഒരു ഉപദ്രവവും ഉണ്ടാകില്ല. അവർ മനഃപൂർവ്വം evasion നടത്തുന്നു എന്ന് ബോദ്ധ്യമായാൽ അല്ലാതെ അവരെ ആരും ശല്യപ്പെടുത്താൻ വരില്ല. കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും വലിയ അനുഗ്രഹമാണ്. അക്കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുല്ലപ്പെരിയാർ അണക്കെട്ട്

4 (*181) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം ഇപ്പോൾ എത്രയാണ് ;

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും ഉയർന്ന് വന്നിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റോ മറ്റേതെങ്കിലും കേന്ദ്ര ഏജൻസികളോ സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(ഡി) ഈ അണക്കെട്ടിന്റെ ഉയരം 142 അടിയായി വർദ്ധിപ്പിക്കണമെന്ന കാര്യം 2004 ഡിസംബറിൽ പാർലമെന്റിൽ ഉന്നയിക്കപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?